# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1781** 04-12-2018-ൽ
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.വി.വിജയദാസ്** :

**ഡോ.കെ.ടി.ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ)കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) & ബി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനില്ക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ താഴെ പറയുന്ന വിവിധ വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ ഡോ. ജോയ് ജോബ് കുളവേലിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി, ഓപ്പൺ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പഠിക്കാൻ ഡോ. ഫാത്തിമത്ത് സുഹ്റയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി, സംസ്ഥാന യൂണിവേഴ്സിറ്റികൾ/കോളേജുകളിലെ പി.ജി. കരിക്കുലം പരിഷ്ക്കരണത്തിനുള്ള കമ്മിറ്റി, സംസ്ഥാന സർവ്വകലാശാലകളിലെയും കോളേ |
| (ബി) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ? | |

| | |
|---|---|
| | ജുകളിലെയും ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സംസ്ഥാന യൂണിവേഴ്സിറ്റികളുടെ സാമ്പത്തികനില പഠിക്കുന്നതിനു വേണ്ടിയുള്ള കമ്മിറ്റി, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സർവ്വകലാശാല ബിരുദങ്ങളുടെ ഇക്യുവലൻസി/ റെക്കഗ്നിഷൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള കമ്മിറ്റി, സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിനായി ജസ്റ്റീസ് കെ.കെ.ദിനേശൻ അദ്ധ്യക്ഷനായുള്ള മൂന്നംഗ കമ്മിറ്റി. |

**സെക്ഷൻ ഓഫീസർ**